**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1459** **07-02-2023 - ൽ മറുപടിയ്ക്ക്**

**കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും പെൻഷൻ എപ്പോൾ ഏർപ്പെടുത്താൻ കഴിയുമെന്നും അറിയിക്കാമോ? | (ബി) | **കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിലെ വിരമിച്ചവരും തുടർന്ന് വിരമിക്കുന്നതുമായ സ്ഥിരം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 2002-ലെ The Kerala Headload Workers Welfare Board Staff (Appointment, Conditions of Service, Conduct and Discipline) Rules-ന്റെ 62-ാം ചട്ടപ്രകാരം 'ബോർഡിന്റെ സർവ്വീസിലുള്ള ജീവനക്കാർക്ക് പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല' എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, പ്രസ്തുത ആവശ്യത്തിലേയ്ക്ക് മേൽപറഞ്ഞ 62-ാം ചട്ടത്തിൽ ഭേദഗതി കൊണ്ടുവന്നതിന് ശേഷം മാത്രമേ ചട്ടങ്ങൾ പുറപ്പെടുവിക്കാൻ നിയമപരമായി സാധിക്കുമായിരുന്നുള്ളൂ. എന്നാൽ, 1978-ലെ കേരള ചുമട്ടു തൊഴിലാളി ആക്ടിലെ 43-ാം വകുപ്പ് പ്രകാരം നിലവിൽ മുൻകാല പ്രാബല്യത്തോടുകൂടി ചട്ടങ്ങൾ ഉണ്ടാക്കുവാൻ വ്യവസ്ഥയില്ല എന്ന് കണ്ടതിനാൽ, 01/04/2007 മുതൽ വിരമിച്ചവർക്ക് കൂടി ആനുകൂല്യങ്ങൾ നൽകാൻ ലക്ഷ്യമിട്ടുകൊണ്ട്, മുൻകാല പ്രാബല്യത്തോടുകൂടി ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് ആക്ടിലെ 43-ാം വകുപ്പിൽ ഭേദഗതി വരുത്തി 14.11.2021 -ാം തീയതിയിലെ അസാധാരണ ഗസറ്റ് നമ്പർ 3330 ആയി The Kerala Headload Workers (Amendment) Act, 2021 14.11.2021-ലെ 7304/leg.C2/2020/Law നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, The Kerala Headload Workers Welfare Board Staff (Appointment, Conditions of Service,** |

| | | | |
|---|---|---|---|
| | | | **Conduct and Discipline) Rules-ലെ 62ാം ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം സർക്കാർ വിലയിരുത്തിവരുന്നു.**<br><br>**പെൻഷൻ പ്രായോഗികതയിൽ വരുത്തുന്ന തീയതി ഇപ്പോൾ വ്യക്തമാക്കാൻ നിർവ്വാഹമില്ല.** |

സെക്ഷൻ ഓഫീസർ